പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4106 27/06/2012-ൽ മറുപടിക്ക്.

## സ്മാർട്ട് കാർഡ് പുതുക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിലുള്ള സ്മാർട്ട് കാർഡ്, പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവോയെന്ന് വ്യക്തമാക്കുമോ; | (എ) കാർഡ് പുതുക്കൽ നടപടികൾ 12/03/2012 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇത് ജൂൺ 30 ന് അവസാനിക്കുകയും ചെയ്യും. |
| (ബി) സ്മാർട്ട്കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രചരണം അതാത് പ്രദേശത്ത് നടത്തുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഏതെല്ലാം രീതിയിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) ഗുണഭോക്തൃപ്പട്ടികയിലുള്ള കുടുംബങ്ങളെ വീടുവീടാന്തരം കയറിയിറങ്ങി എൻറോൾമെന്റ്/പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മൈക്ക് അനൗൺസ്മെന്റ്, പോസ്റ്റർ, ലഘുലേഖകൾ, ദൃശ്യ-പത്രമാദ്ധ്യമങ്ങൾ വഴിയുള്ള പ്രചാരണ പരിപാടികളാണ് നടത്തിവരുന്നത്. |
| (ഡി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച കൈപ്പുസ്തകവും സ്മാർട്ട്കാർഡ് സൂക്ഷിക്കാനുള്ള കവറും ഗുണഭോക്താക്കൾക്ക് നൽകുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ